ഭരണഭാഷ-മാതൃഭാഷ

നം.WCD/D2/19726/18 (II)

വനിത ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം.
തീയതി : 01.07.2022
ഇ-മെയിൽ directorate.wcd@kerala.gov.in
ഫോൺ നമ്പർ 0471-2346534

## സർക്കുലർ

വിഷയം: വനിത ശിശു വികസന വകുപ്പ് - CUG സിം കൃത്യമായി ഉപയോഗിക്കുന്നത് - സംബന്ധിച്ച്.

സൂചന: ബഹു. വനിത ശിശുവികസന ഡയറക്ടറുടെ നിർദ്ദേശം.

വനിത ശിശുവികസന വകുപ്പിന് കീഴിലുള്ള ടൂറിംഗ് ഓഫീസർമാർക്ക് ഡയറക്ടറേറ്റിൽ നിന്നും ഒരു വർഷകാലയളവിലേയ്ക്ക് റീചാർജ് ചെയ്ത് നൽകിയിട്ടുള്ള CUG സിമ്മുകൾ പല ഉദ്യോഗസ്ഥരും ഉപയോഗിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡയറക്ടറേറ്റിൽ നിന്നും ഓഫീസ് സംബന്ധമായ ആവശ്യങ്ങൾക്കായി CUG സിമ്മുകളിൽ ബന്ധപ്പെടാൻ ശ്രമിക്കുമ്പോൾ പല ഉദ്യോഗസ്ഥരുടെയും ഫോൺ സ്വിച്ച് ഓഫായതായി കാണുന്നു. ഇത് ശരിയായ പ്രവണതയല്ല. തുടർന്ന് ഇത്തരത്തിലുള്ള വീഴ്ചകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതായിരിക്കും. ആയതിനാൽ CUG സിമ്മിന്റെ ഉപയോഗം പൂർണ്ണമായി പ്രയോജനപ്പെടുത്തി പൊതുജനങ്ങൾക്ക് സേവനം ഉറപ്പുവരുത്തേണ്ടതാണ്.

വിശ്വസ്തതയോടെ,

വനിത ശിശു വികസന ഡയറക്ടർ

GB